**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3531** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ റവന്യൂ കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജനങ്ങൾക്ക് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നിരന്തരം ആവശ്യമുള്ള രേഖകൾ ഒറ്റ ചിപ്പിൽ സൂക്ഷിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഓരോ വ്യക്തിയുടെയും വ്യക്തി സംബന്ധവും ഭൂമി സംബന്ധവുമായ രേഖകൾ ഡിജിറ്റലായി സൂക്ഷിക്കുന്ന സ്മാർട്ട് റവന്യൂ കാർഡ് സംവിധാനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഡിജിറ്റൽ സർവ്വേ പൂർത്തീകരിച്ച് രേഖകൾ റവന്യൂ ഭരണത്തിന് കൈമാറുന്ന വില്ലേജുകളിലാണ് ആദ്യ ഘട്ടത്തിൽ ഇതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നത്. |
| (ബി) | സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഡിജിറ്റൽ റവന്യൂ കാർഡ് പദ്ധതിയുടെ പ്രാഥമിക ഘട്ടത്തിൽ ഏതെല്ലാം വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് ഡിജിറ്റൽ റവന്യൂ കാർഡ് എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടമെന്ന നിലയിൽ റവന്യൂ സർവേ വകുപ്പുകളിലെ വിവരങ്ങൾ ഉൾക്കൊള്ളിക്കുന്നതിന് സർക്കാർ തത്ത്വത്തിൽ അനുമതി നല്കിയിട്ടുള്ളതാണ്. |
| (സി) | റവന്യൂ വകുപ്പിൽ നിന്നുള്ള സേവനങ്ങൾ മെച്ചപ്പെടുത്താനും മികച്ച ലാന്റ് മാനേജ്മെൻറ് സംവിധാനങ്ങളും ഭൂവുടമകളുടെ വിവരശേഖരണവും ഉറപ്പാക്കുന്നതിനും ഡിജിറ്റൽ റവന്യൂ കാർഡ് സഹായകമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | "എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന്റെ ഭാഗമായി ഒരു വ്യക്തിയുടെ ഭൂസംബന്ധവും, വ്യക്തിസംബന്ധവുമായ വിവരങ്ങൾ ലഭ്യമാക്കുന്ന വിധത്തിൽ സ്മാർട്ട് ആയ ഡിജിറ്റൽ റവന്യൂ കാർഡ് എന്ന സമഗ്രമായ സംവിധാനം ആണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.ഡിജിറ്റൽ റീ സർവ്വേ പൂർത്തീകരിച്ച് റവന്യൂ രേഖകളുടെ ഭാഗമായി വില്ലേജുകളിലാണ് ഈ കാർഡ് നൽകുന്നതിനുള്ള നടപടി ആദ്യ ഘട്ടത്തിൽ ആരംഭിക്കുന്നത്. ഓരോ ലാൻഡ് പാർസലിനും എൽ.ജി.ഡി. കോഡ്, സർവ്വേ നമ്പർ, ബ്ലോക്ക് നമ്പർ, സബ് ഡിവിഷൻ നമ്പർ, വിസ്തീർണ്ണം തുടങ്ങിയ വിശദംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു തനത് ലാൻഡ് പാർസൽ ഐ.ഡി. (Unique Land Parcel ID നൽകുകയും, ഇപ്രകാരമുള്ള ലാൻഡ് പാർസൽ ഐ ഡി ഉപയോഗപ്പെടുത്തി 10 ഡിജിറ്റ് വരുന്ന വിധത്തിൽ പ്രസ്തുത ഭൂമിയുടെ വിശദാംശങ്ങളടങ്ങുന്ന ഒരു ഡിജിറ്റൽ റവന്യൂ കാർഡ് തയ്യാറാക്കുവാനാണ് |

| | | | |
|---|---|---|---|
| | | | ഉദ്ദേശിച്ചിട്ടുള്ളത്, ഇങ്ങനെ തയ്യാറാക്കുന്ന റവന്യൂ കാർഡിൽ പ്രസ്തുത ലാൻഡ് പാർസൽ സംബന്ധിച്ച് ചുവടെ ചേർക്കുന്ന വിവരങ്ങൾ ഉൾക്കൊള്ളിക്കുവാൻ കഴിയും.<br><br>ഭൂമിയുടെ വിശദാംശങ്ങൾ - ഇനം, തരം, വിസ്തീർണം തുടങ്ങിയവ<br><br>ഭൂവുടമയുടെ വിശദാംശങ്ങൾ - പേരും വിലാസവും<br><br>കെട്ടിട വിവരങ്ങൾ - പ്രസ്തുത ഭൂമിയിലെ ഏതെങ്കിലും നിർമ്മിതിയെക്കുറിച്ചുള്ള (Building Structure) വിവരങ്ങൾ<br><br>നികുതിയടവ് സംബന്ധിച്ച വിവരങ്ങൾ - ഭൂനികുതി വിശദാംശങ്ങൾ<br><br>നികുതിയടവ് സംബന്ധിച്ച വിവരങ്ങൾ - കെട്ടിടനികുതി/അധികനികുതി<br><br>ആധാർ ലിങ്കിംഗ് വിവരം - പ്രസ്തുത ലാൻഡ് പാഴ്സലുമായി തണ്ടപ്പേർകക്ഷിയുടെ ആധാർ ലിങ്ക് ചെയ്തിട്ടുണ്ടോ എന്ന വിവരം<br><br>റവന്യൂ റിക്കവറി സംബന്ധിച്ച വിവരങ്ങൾ |
| (ഡി) | റവന്യൂ വകുപ്പ് ലഭ്യമാക്കുന്ന ഏതെല്ലാം സർട്ടിഫിക്കറ്റുകൾക്ക് പകരമായി പ്രസ്തുത കാർഡ് ഉപയോഗപ്പെടുത്തുന്നതിന് കഴിയുമെന്ന് വിശദമാക്കാമോ; | (ഡി) | നിലവിൽ റവന്യൂ അധികാരികൾ വഴി നൽകി വരുന്ന 23 വിവിധ സാക്ഷ്യപത്രങ്ങളിൽ ഉൾപ്പെടുന്ന ഏതൊരു വിവരവും ഉൾപ്പെടുത്താൻ കഴിയുന്ന രീതിയിലാണ് റവന്യൂ കാർഡ് വിഭാവനം ചെയ്തിരിക്കുന്നത്. |
| (ഇ) | കൂടുതൽ വകുപ്പുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ കൂടി പ്രസ്തുത കാർഡിൽ ഉൾപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | കൂടുതൽ വകുപ്പുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ കൂടി പ്രസ്തുത കാർഡിൽ ഉൾപ്പെടുത്തുന്നതിനായുള്ള പദ്ധതി പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ